പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *542 04/07/2019 മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. മഞ്ഞളാംകുഴി അലി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്കൂൾ വിദ്യാർത്ഥികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കണമെന്ന കേന്ദ്ര സർക്കാർ ഉത്തരവ് സംസ്ഥാനത്ത് പാലിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പാലിക്കപ്പെട്ടിട്ടുണ്ട്.<br>സ്കൂളുകളിലെ ടെക്സ്റ്റ് ബുക്കുകൾ 3 വാല്യങ്ങളായി അച്ചടിച്ചാണ് കുട്ടികൾക്ക് നൽകിവരുന്നത്. കൂടാതെ വാട്ടർ ബോട്ടിൽ ഒഴിവാക്കുന്നതിനായി തിളപ്പിച്ചാറ്റിയ വെള്ളം സ്കൂളുകളിൽ തന്നെ കുട്ടികൾക്ക് ലഭ്യമാക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച നിർദ്ദേശം സംസ്ഥാനത്തെ സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നൽകിയിട്ടുണ്ട്.<br>ടെക്സ്റ്റ് ബുക്കുകൾ 3 വാല്യങ്ങളാക്കി പ്രിന്റ് ചെയ്ത് നൽകുന്നതിനു പുറമെ, വലിപ്പവും പേജുകളും കുറഞ്ഞ നോട്ട് ബുക്കുകൾ വാങ്ങി ഉപയോഗിക്കുന്നതിനുള്ള ബോധവത്ക്കരണവും നടത്തുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾ ഇക്കാര്യം പാടെ അവഗണിച്ചുകൊണ്ട് അവരുടേതായ നയം തുടരുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ